പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6047

10-7-12 ൽ
മറുപടിക്ക്

## സിഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ടീമിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സി-ഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ടീമിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം മാറ്റി പകരം ഏതെങ്കിലും ജീവനക്കാരന്റെ സ്വകാര്യ ഇ- മെയിൽ വിലാസമാക്കി ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | എ) | ടെക്നോളജി എക്സ്റ്റൻഷൻ ടീമിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം മാറ്റി പകരം ഏതെങ്കിലും ജീവനക്കാരന്റെ സ്വകാര്യ ഇ - മെയിൽ വിലാസമാക്കി ഉത്തരവ് ഇറക്കിയിട്ടില്ല. കാര്യചുമതലയോടൊപ്പം വേഗത്തിൽ കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി കത്തിടപാടുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഇ-മെയിൽ വിലാസം കൂടി ഔദ്യോഗിക പോസ്റ്റൽ മേൽവിലാസത്തോടൊപ്പം നൽകുക മാത്രമേ ചെയ്തിട്ടുളളൂ. |
| ബി) | എങ്കിൽ ഈ ജീവനക്കാരൻ ഏതെങ്കിലും യൂണിയന്റെ ഭാരവാഹിയാണോ. എങ്കിൽ ഏത് യൂണിയന്റെ ഭാരവാഹിയാണെന്ന് അറിയിക്കുമോ; | ബി) & സി) | നം. 314/എ2/അഡ്മിൻ/സിഡിറ്റ്/2011 തീയതി 19-12-11 ലെ ഓഫീസ് ഓർഡർപ്രകാരം സിഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ടീമിലേക്കുളള കത്തിടപാടുകൾ ആ വിഭാഗത്തിലെ അസി. മാനേജർക്ക് അയക്കണമെന്ന് കാണിച്ചുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. വഞ്ചിയൂരിൽ പ്രവർത്തിക്കുന്ന ഓഫീസിലെ മേൽവിലാസം തന്നെയാണ് ഉത്തരവിൽ നൽകിയിരുന്നത്. എന്നാൽ ഇ-മെയിൽ വിലാസം നൽകിയിരുന്നത് ബന്ധപ്പെട്ട അസി. മാനേജരുടെ പേഴ്സണൽ ഐ.ഡി. യാണ് ഇ-മെയിൽ മുഖേന മാത്രം അയയ്ക്കുന്ന കത്തുകൾക്ക് ഉടനെ തന്നെ വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതിന് വേണ്ടിയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേഴ്സണൽ ഇ - മെയിൽ വിലാസം കൂടി നൽകിയത്. 13-2-2012 ൽ ടെക്നോളജി എക്സ്റ്റൻഷൻ ടീമിലെ ഫോൺ നമ്പരുകളും ഓഫീസ് ഇ-മെയിൽ ഐ.ഡി.യും രേഖപ്പെടുത്തി (tet@cdit.org) മറ്റൊരു സർക്കുലർ കൂടി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇറക്കിയിട്ടുണ്ട്. |
| സി) | ഔദ്യോഗിക ഇ-മെയിൽ വിലാസം മാറ്റി പകരം ജീവനക്കാരന്റെ സ്വകാര്യ ഇ- മെയിൽ വിലാസമാക്കി ഡയറക്ടർ പ്രസ്തുത ഉത്തരവ് ഇറക്കാനുണ്ടായ കാരണം വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ